# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: 2974

15.12.2015 -ൽ
മറുപടിയ്ക്ക്

### പട്ടികജാതി വിദ്യാർത്ഥികളിൽ നിന്നും വാങ്ങിയ ഫീസ് തിരിച്ചു നൽകാൻ നടപടി

| *ചോദ്യം*<br>ശ്രീമതി.കെ.കെ.ലതിക | *ഉത്തരം*<br>ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) ഐ.എച്ച്.ആർ.ഡി-യുടെ കീഴിലുള്ള വടകര മോഡൽ പോളിടെക്നിക്കിൽ പട്ടികജാതി സമുദായത്തിലെ വിദ്യാർത്ഥികളിൽ നിന്നും ഫീസിനത്തിൽ വാങ്ങിയ എന്തെങ്കിലും തുക തിരിച്ചു നൽകാൻ ബാക്കിയുണ്ടോ; | (എ) ഐ.എച്ച്.ആർ.ഡി. -യുടെ കീഴിലുള്ള വടകര മോഡൽ പോളിടെക്നിക്കിൽ പട്ടികജാതി സമുദായത്തിലെ വിദ്യാർത്ഥികളിൽ നിന്നും പരീക്ഷാഫീസ് അല്ലാതെ യാതൊരു ഫീസും വാങ്ങിയിട്ടില്ല. പരീക്ഷാഫീസ് പട്ടികജാതി വകുപ്പിൽ നിന്നും റീഫണ്ട് ലഭിച്ച ഉടൻ തന്നെ വിദ്യാർത്ഥികൾക്ക് തിരിച്ച് നൽകിയിട്ടുണ്ട്. ഈ ഇനത്തിൽ വിദ്യാർത്ഥികൾക്ക് തിരിച്ചു നൽകുവാൻ തുക ബാക്കിയില്ല. |
| (ബി) പ്രസ്തുത തുക പട്ടികജാതി വകുപ്പിൽ നിന്നും പ്രസ്തുത സ്ഥാപനത്തിന് റീഫണ്ട് ചെയ്ത് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഏത് തീയതിയിലാണ് ലഭിച്ചതെന്നും തുക വിദ്യാർത്ഥിക്ക് നൽകാൻ കാലതാമസം നേരിട്ടതിന്റെ കാരണമെന്തെന്നും വ്യക്തമാക്കുമോ; | (ബി) 1. പ്രസ്തുത തുക പട്ടികജാതി വകുപ്പിൽ നിന്നും ഈ മാസം റീഫണ്ട് ചെയ്തിട്ടുണ്ട്.<br>2. തുക ലഭിച്ച തീയതി 05.12.2015<br>3. പ്രസ്തുത തുക (പരീക്ഷാഫീസ്) വിദ്യാർത്ഥികൾക്ക് അടുത്ത ദിവസം തന്നെ വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

Reeff
സെക്ഷൻ ഓഫീസർ